വെബ്സൈറ്റ് : www.ims.kerala.gov.in
ഇ-മെയിൽ : dimskerala@gmail.com
ഫോൺ നം. : 0471-2323960

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14

## ഡയറക്ടറുടെ നടപടി ഉത്തരവ്.

വിഷയം- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി.എം.ടി.അനിലമ്മയ്ക്ക് എതിരായ അച്ചടക്കനടപടി- കർശന താക്കീത് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1) ദക്ഷിണ മേഖലാ ആർ.ഡി.ഡിയുടെ 18-01-2018 ലെ ജി1-12944/17-ാം നമ്പർ അന്വേഷണ റിപ്പോർട്ട്.
2) ഡി3-1747/2018/ഡി.ഐ.എം.എസ് തീയതി 14-3-2018.
3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒ.എ-543/18-ാം നമ്പർ കേസിൽ 12-04-2018 ൽ പുറപ്പെടുവിച്ച ഉത്തരവ്.
4) ഡി3-1747/18/ഡി.ഐ.എം.എസ് തീയതി 28-6-2018.
5) ഈ ഓഫീസിൽ നിന്നും 6-07-2018 ൽ പുറപ്പെടുവിച്ച ഡി3-1747/18/ ഡി.ഐ.എം.എസ് നമ്പർ മെമ്മോ.
6) വടവാതൂർ ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടിന്റെ 4-12-2018 ലെ ഇ1-6817/18-ാം നമ്പർ കത്ത്.

## ഉത്തരവ് നം.ഡി3-1747/2018/ഡി.ഐ.എം.എസ് തീയതി 04-01-2019.

വടവാതൂർ ഇ.എസ്.ഐ.ആശുപത്രിയിലെ നഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി.എം.ടി.അനിലമ്മ ചങ്ങനാശ്ശേരി ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലിചെയ്തുവരവെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറുടെ ജോലി തടസ്സപ്പെടുത്തുന്നതായും ജീവനക്കാരോടും ഇ.എസ്.ഐ ഗുണഭോക്താക്കളോടും മോശമായി പെരുമാറുന്നതായും പരാതി ലഭിച്ച സാഹചര്യത്തിൽ ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ 16-12-2017 ൽ ചങ്ങനാശ്ശേരി ഇ.എസ്.ഐ ഡിസ്പെൻസറിയിലെത്തി അന്വേഷണം നടത്തുകയും ടിയാൾക്ക് എതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെടുകയും ടി വിവരം പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ശ്രീമതി.അനിലമ്മയുടെ ഭാഗത്തുനിന്നുണ്ടായ അച്ചടക്ക ലംഘനങ്ങളും കൃത്യവിലോപവും ടി ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നുവെന്ന് ബോദ്ധ്യമായ സാഹചര്യത്തിൽ പരാമർശം 2 പ്രകാരം ടിയാളെ ആലപ്പുഴ ഫാക്ടറി വാർഡ് ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്ക് സ്ഥലംമാറ്റുകയും അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് ശ്രീമതി.അനിലമ്മ.എം.ടി ഫയൽ ചെയ്ത കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ ടിയാളെ ടി ആലപ്പുഴ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ നിന്നും പരാമർശം 4 പ്രകാരം വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിൽ നിയമിക്കുകയും നിലവിൽ ടിയാൾ ടി ആശുപത്രിയിൽ ജോലി ചെയ്യുകയുമാണ്.

ശ്രീമതി.അനിലമ്മ.എം.ടി ചങ്ങനാശ്ശേരി ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്തുവരവെ പ്രകടിപ്പിച്ച അച്ചടക്ക ലംഘനത്തിനും കൃത്യവിലോപത്തിനും എതിരായി പരാമർശം 5 പ്രകാരം മെമ്മോ പുറപ്പെടുവിക്കുകയും മറുപടി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ടി മെമ്മോയ്ക്ക് പരാമർശം 6 പ്രകാരം ശ്രീമതി.അനിലമ്മ.എം.ടി മറുപടി നൽകുകയുണ്ടായി. ടി മറുപടിയിൽ ടിയാളുടെ ഭാഗത്തുനിന്നും ഉണ്ടായ അച്ചടക്ക ലംഘനങ്ങൾക്ക് ക്ഷമാപണം നടത്തുകയും മേലിൽ ആവർത്തിക്കില്ല എന്ന് ഉറപ്പ് നൽകുകയും ചെയ്തിരിക്കുന്നു.

സ്ഥാപന മേധാവിയായ ഇൻഷുറൻസ് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ജോലി തടസ്സപ്പെടുത്തുകയും ചെയ്യുക, ജീവനക്കാരോട് സഭ്യമല്ലാത്ത തരത്തിൽ പെരുമാറുക, സഹപ്രവർത്തകരെ ഭീഷണിപ്പെടുത്തുക, രോഗികളോടും ബന്ധുക്കളോടും മോശമായ ഭാഷയിൽ സംസാരിക്കുക എന്നിങ്ങനെയുള്ള ഗുരുതരമായ അച്ചടക്ക ലംഘനങ്ങൾ ശ്രീമതി.അനിലമ്മ.എം.ടി യുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ ടിയാൾ ശിക്ഷാർഹയുമാണ്. എന്നാൽ 3-07-2018 ൽ വടവാതൂർ ഇ.എസ്.ഐ. ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.അനിലമ്മ ടിയാളുടെ ജോലി കൃത്യമായി ചെയ്യുന്നുണ്ട് എന്നും യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടാക്കിയിട്ടില്ല എന്നും പരാമർശം 6 പ്രകാരം വടവാതൂർ ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ടും ശ്രീമതി.അനിലമ്മയുടെ മാപ്പപേക്ഷയും ടിയാളുടെ ജീവിതസാഹചര്യങ്ങളും പരിഗണിച്ച് ടിയാളോട് ഒരു മൃദുസമീപനം സ്വീകരിക്കാനും ടിയാളെ കടുത്ത ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കാനും തീരുമാനിച്ചിരിക്കുന്നു. മേലിൽ ഇപ്രകാരം അച്ചടക്കലംഘനങ്ങളുണ്ടായാൽ കടുത്ത ശിക്ഷാനടപടികൾക്ക് വിധേയയാകേണ്ടി വരുമെന്ന കർശന താക്കീതോടെ ടിയാൾക്കെതിരായ അച്ചടക്കനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഡോ.അജിത നായർ.ആർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്
ശ്രീമതി.അനിലമ്മ.എം.ടി,
നഴ്സിംഗ് അസിസ്റ്റന്റ്
ഇ.എസ്.ഐ. ആശുപത്രി,
വടവാതൂർ. (സൂപ്രണ്ട് മുഖേന)

പകർപ്പ്
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം.
2. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, വടവാതൂർ.
3. ഇൻഷുറൻസ് മെഡിക്കൽ ആഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ചങ്ങനാശ്ശേരി.
4. വെബ്സൈറ്റ്.
5. ഇ 5 സെക്ഷൻ
6. ഫയൽ
7. സ്റ്റോക്ക് ഫയൽ

എസ്.എസ്/